Talented Bankers Literary Panel
പുസ്തക പരിചയം 246

പരിചയപ്പെടുത്തുന്നത്,
ആദർശ് ജി,
കേരള ഗ്രാമീൺ ബാങ്ക്,
ഉമ്മന്നൂർ ശാഖ.

പാലായിലെ കമ്മ്യൂണിസ്റ്റ്,
എസ് ആർ ലാൽ

എസ് ആർ ലാലിന്റെ ഏറ്റവും മനോഹരമായ ഒമ്പത് കഥകളുടെ സമാഹാരമാണ് പാലായിലെ കമ്മ്യൂണിസ്റ്റ്. എരിവ്, ശ്രീ വിനായക സൈക്കിൾ യജ്ഞം, പാലായിലെ കമ്മ്യൂണിസ്റ്റ്, സരസ്വതി വിലാസം കാത്തിരിപ്പുകേന്ദ്രം, കാപ്പിരിയും പെൺകുട്ടിയും, ദൃശ്യം, കയ്യിലൊരു ഭൂഖണ്ഡം, പൂച്ചമ്മ, പോത്ത് തുടങ്ങിയ ഒൻപത് കഥകളാണ് കഥാസമാഹാരത്തിലുള്ളത്.

ജീവിതസ്മരണകളുടെ പ്രദർശനശാലകളാണ് ഓരോ കഥകളും. ഭൂതകാലത്തിൽ നിന്നും കടന്നുവരുന്ന കഥാപാത്രങ്ങൾ വർത്തമാന കാലഘട്ടത്തിലെ ഓർമ്മകളെ ബലപ്പെടുത്തുന്നു.

ഈ ഒൻപത് കഥകളിലെ ഏറ്റവും ദീർഘവും പ്രാധാന്യം നിറഞ്ഞതും പാലായിലെ കമ്മ്യൂണിസ്റ്റ് എന്ന കഥ തന്നെ. അതുകൊണ്ടുതന്നെയാകാം ഈ കഥാസമാഹാരത്തിന് ആ പേര് ലഭിച്ചിരിക്കുന്നത്. തോടനാടിന്റെ ചരിത്രത്തിലൂടെയും പേരപ്പനെന്ന മുഖ്യ കഥാപാത്രത്തിലൂടെയും തോടനാടിന്റെ മാത്രമല്ല, പാലായുടെയും കേരള രാഷ്ട്രീയത്തിന്റെയും ചരിത്രത്തിലേക്കും വർത്തമാന കാലഘട്ടത്തിലേക്കും വായനക്കാരെ എഴുത്തുകാരൻ നയിക്കുന്നു .

വ്യർത്ഥമായി തീരുന്ന മനുഷ്യ ജീവിതങ്ങളുടെ ഒരു ഓർമ്മപ്പെടുത്തലാണ് എരിവ് എന്ന കഥ. ഓരോ വായനക്കാരെയും തന്റെ ജീവിതത്തിലെ അവസാന കാലഘട്ടത്തിലേക്കും തന്റെ ജീവിതത്തിലെ ഭൂതകാലഘട്ടത്തിലേക്കും ചിന്തിപ്പിക്കുന്ന എരിവുള്ള കഥ.

ശ്രീ വിനായക സൈക്കിൾ യജ്ഞം കഥ തുടങ്ങുന്നതും വർഷങ്ങൾക്കു മുൻപാണ്. കഥയുടെ അവസാനഭാഗത്ത് വർഷങ്ങൾക്കുശേഷം വീടുപണിക്കായി അടിവാരം കുഴിക്കുമ്പോൾ ലഭിക്കുന്ന മണ്ണു മൂടിയ ടോർച്ചിൽ മണ്ണുമാറ്റി സ്വിച്ചിൽ അമർത്തുമ്പോൾ ഭൂതകാലത്തിലെ പ്രകാശം അവിടെ പരക്കുന്നു. അത് വായനക്കാരനെ അനുഭവവേദ്യമാക്കുന്നതിൽ കഥാകാരൻ വിജയിച്ചിരിക്കുന്നു.

സരസ്വതി വിലാസം കാത്തിരിപ്പുകേന്ദ്രം, കാപ്പിയും പെൺകുട്ടിയും, ദൃശ്യം, കയ്യിലൊരു ഭൂഖണ്ഡം എന്നീ കഥകൾ മനുഷ്യജീവിതത്തിന്റെ വ്യത്യസ്തവും നിഗൂഢവുമായ തലങ്ങൾ വളരെ ലളിതമായ ഭാഷയിൽ വായനക്കാരനു മുന്നിൽ അവതരിപ്പിച്ചിരിക്കുന്നു.

കഥാസമാഹാരത്തിലെ അവസാന രണ്ട് കഥകളായ പൂച്ചമ്മയും, പോത്തും കഥാകാരൻ എത്ര സൂക്ഷ്മമായാണ് സെന്റ് ചുറ്റുപാടുകളെ വീക്ഷിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. രണ്ട് കഥയിലും മൃഗങ്ങൾ കേന്ദ്രകഥാപാത്രമായി എത്തുമ്പോഴും ഗൗരവപൂർണ്ണമായ ഒരു വായന തന്നെ സമ്മാനിക്കാൻ കഥാകാരനെ കഴിയുന്നു.

കഥകളുടെ ഒഴുക്കിനൊപ്പം വായനക്കാരെ കൊണ്ടുപോകാൻ കഴിയുന്ന മനോഹരമായ 9 കഥകളുടെ സമാഹാരമാണ് പാലായിലെ കമ്മ്യൂണിസ്റ്റ് എന്ന എസ് ആർ ലാലിന്റെ കഥാസമാഹാരം.

ഡി സി ബുക്ക്സ്
₹160/-